# “വിതച്ചതേ കൊയ്യാനാക്കൂ.”

jthrees@hotmail.com

പ്രശസ്തനായ ഡോക്ടർ. രോഗികളെ പരിശോധിക്കുന്നതിൽ അയാൾ സമയം പരിഗണിച്ചതേയില്ല. രാവെന്നോ പകലെന്നോ നോക്കാത്ത അത്യധ്വാനി.

പണമായിരുന്നു അയാൾക്ക് വലുത്. അതിനായി അയാൾ എല്ലാം മറന്നു, അവഗണിച്ചു. പട്ടണത്തിൽ അയാളുടെ വലിയ കെട്ടിടങ്ങൾ തലയുയർത്തിനിന്നു. വലുതും സുന്ദരവുമായ വീട് പട്ടണത്തിന് അലങ്കാരമായി നിന്നു. വസ്തുവഹകൾ പെരുത്തു. തരാതരം വാഹനങ്ങൾ മുറ്റത്ത് നിരന്നു. എല്ലാം അനുഭവിച്ച് മക്കൾ നാട്ടിൽ ചെത്തി.

അയാൾ കാൻസർ ബാധിതനായി കിടപ്പിലായത് പെട്ടെന്നായിരുന്നു. ആശുപത്രി കിടക്കയിൽ അയാൾ അവസാന നാളുകളെണ്ണി. ആരു തിരിഞ്ഞുനോക്കാനില്ലാത്തവനെപ്പോലെ അയാൾ അവിടെ ഒറ്റപ്പെട്ടു. ഒരു നേരത്തെ ഭക്ഷണത്തിന് അന്യനെ ആശ്രയിക്കേണ്ടി വന്നു. അതെല്ലാം അറിയുന്ന മക്കൾ ഒന്നും അറിയാത്തതുപോലെ പിതാവിന്റെ സ്വത്തും അനുഭവിച്ചു ചെത്തി. പിതാവിനെ അവർ തിരിഞ്ഞുനോക്കിയതേയില്ല.

ആരാണ് കുറ്റവാളി? അയാൾ തന്നെ. മക്കളുടെ കുറ്റം മാറ്റി വെക്കുക.

ധനം കൊടുത്ത് എവിടെനിന്നെങ്കിലും വാങ്ങാൻ കഴിയാത്ത സംഗതിയാണ് മക്കളിൽനിന്നനുഭവിക്കുന്ന സുകൃതം. അത് ലഭിക്കാൻ രക്ഷിതാക്കൾ തന്നെയാണ് മുൻകൈയെടുക്കേണ്ടത്. അതിന്റെ അഭാവത്തിൽ അവരെ പഴിക്കുന്നതിൽ അർഥമില്ല.

ചെറുപ്പത്തിൽ കുട്ടികളെ എല്ലാം കൊടുത്ത് വളർത്തുമ്പോൾ അല്പം ആത്മീയ ബോധവും അവരെ അഭ്യസിപ്പിക്കുക. മാതാപിതാക്കളോടുള്ള കടമകളെപ്പറ്റിയും കുടുംബമാഹാത്മ്യത്തെപ്പറ്റിയും അതിന്റെ കെട്ടുറപ്പിന്റെ ആവശ്യകതയെപ്പറ്റിയും ബന്ധങ്ങളെപ്പറ്റിയും അവരെ ബോധവാന്മാരാക്കുക.

അതോടൊപ്പം അവരെ നന്നായി സ്നേഹിക്കുക. ഗൃഹാന്തരീക്ഷം തികച്ചും ഊഷ്മളവും സൗഹൃദത്തിന്റേതുമാക്കുക. പരസ്പരം ചോദിച്ചും അറിയിച്ചും ഹൃദയം തുറക്കുക. അതിന്റെ അഭാവത്തിൽ മക്കൾ വീടിന്റെ ഓരോ ലോകങ്ങളിൽ ചേക്കേറും. തനിക്ക് അവലംബമാകേണ്ട ഘട്ടത്തിൽ മക്കളെ പിന്നെ കാണാതെയാകും.

കുട്ടികൾക്ക് ഭക്ഷണവും വസ്ത്രവും നല്കുക, സ്നേഹവും ആത്മീയവിദ്യയും ധാരാളം നല്കുക. തന്റെ അവശ്യഘട്ടത്തിൽ അവരിൽനിന്ന് ലഭിക്കേണ്ട സംഗതികൾ അവരിൽ ഇപ്പോഴേ നട്ടുപിടിപ്പിക്കുക. എങ്കിലേ കൊയ്യേണ്ട സമയത്ത് വല്ലതും കൊയ്യാനൊക്കുകയുള്ളൂ.